<aeowdr.dge@kerala.gov.in>, "DDE Alappuzha" <ddealp.dge@kerala.gov.in>, "DDE Ernakulam" <ddeekm.dge@kerala.gov.in>, "DDE Kottayam" <ddektm.dge@kerala.gov.in>, "DDE Palakkad" <ddepkd.dge@kerala.gov.in>, "DDE Wayanad" <ddewyd.dge@kerala.gov.in>, "DDE Idukki" <ddeidk.dge@kerala.gov.in>, "DDE Kannur" <ddeknr.dge@kerala.gov.in>, "DDE Kasaragod" <ddekgd.dge@kerala.gov.in>, "DDE Kollam" <ddeklm.dge@kerala.gov.in>, "DDE Kozhikode" <ddekkd.dge@kerala.gov.in>, "DDE Malappuram" <ddemlp.dge@kerala.gov.in>, "DDE Palakkad" <ddepkd.edn@kerala.gov.in>, "DDE Pathanamthitta" <ddepta.dge@kerala.gov.in>, "DDE Thiruvananthapuram" <ddetvm.dge@kerala.gov.in>, "DDE Thrissur" <ddetsr.dge@kerala.gov.in>
**Sent:** Tuesday, March 30, 2021 3:39:23 PM
**Subject:** Gen Edn-MDM Scheme-Construction of kitchen-cum-store units-fund allotted-urgent message and instructions -reg

**URGENT MESSAGE (to be communicated to HMs concerned)**

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നിർദ്ദേശപ്രകാരം പുറപ്പെടുവിക്കുന്ന നിർദ്ദേശം**

പാചകപ്പുര-കം-സ്റ്റോർ മുറികൾ പണിയുന്നതിന് ഡി.ഡി.ഇ മാർ മുഖാന്തിരം സ്കൂളുകൾക്ക് അലോട്ട് ചെയ്ത തുക മാറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർ സമർപ്പിക്കുന്ന ബില്ലുകൾ ട്രഷറികൾ പാസ്സാക്കി നൽകുന്നില്ല എന്ന വിഷയം ബഹു: ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ബില്ലുകൾ അടിയന്തിരമായി അഡ്മിറ്റ് ചെയ്യുന്നതിന് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുവാൻ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

എന്നാൽ, സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചാലും, 31.3.2021 ന് ശേഷം തുക സർക്കാർ ഖജനാവിലേക്ക് തിരിച്ചെടുക്കുമെന്ന വസ്തുത ചൂണ്ടിക്കാട്ടി തുക ലാപ്സ് ആകാതിരിക്കുന്നതിനായി e-LAMS (electronic ledger account monitoring system) ലേക്ക് പോസ്റ്റ് ചെയ്യുവാനാണ് ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ഇപ്രകാരം മാറ്റപ്പെടുന്ന തുക 2021 ഏപ്രിൽ 15 ന് ശേഷം സ്കൂളുകൾക്ക് അനുവദിക്കുന്നതാണ്. ഈ സാഹചര്യത്തിൽ, ട്രഷറികളിൽ ഇതിനോടകം ഇ-സബ്മിറ്റ് ചെയ്തിട്ടുള്ള ബില്ലുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്. തുക സറണ്ടർ ചെയ്യരുത്.

തുക ആവശ്യമില്ല എന്നറിയിച്ച സ്കൂളുകൾക്ക് പകരം ലിസ്റ്റിൽ ചേർക്കപ്പെട്ട സ്കൂളുകൾക്കുള്ള അലോട്ട്മെന്റ് ഇനി നടത്തേണ്ടതില്ല. ചെലവഴിക്കപ്പെടാത്ത തുക e-LAMS ലേക്ക് മാറ്റുന്നതിനാൽ ജില്ലാ തലത്തിൽ നിന്നോ സ്കൂൾ തലത്തിൽ നിന്നോ തുക സറണ്ടർ ചെയ്യരുത്. എന്നാൽ, ഇ-സബ്മിറ്റ് ചെയ്ത ബില്ലുകൾ മാത്രം ട്രഷറി ഒബ്ജക്ഷൻ ചെയ്യിപ്പിച്ച് ക്യാൻസൽ ചെയ്യുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

അലോട്ട് ചെയ്ത തുക നഷ്ടമാകുകയില്ല എന്ന വിവരം ബന്ധപ്പെട്ട പ്രഥമദ്ധ്യാപകരെ അറിയിക്കേണ്ടതാണ്. പാചകപ്പുര-കം-സ്റ്റോർ മുറികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പര്യാപ്തമായ സമയം സ്കൂളുകൾക്ക് ലഭിക്കുന്നതാണ്. ഇത് സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങൾ വരും ദിവസങ്ങളിൽ പുറപ്പെടുവിക്കുന്നതാണ്.

**Sd/-**
**M R ROHINI**
**Senior Administrative Assistant (NM)**
**Office of the Director of General Education**
**Jagathy, Tvm-14**

--
Sir,

Please find the attachment.

Sd/-
Deputy Director of Education, Thrissur (DD EDN TSR)
Room No. 72 , Civil Station - Second Floor,
Ayyanthole P.O.
Thrissur - 680 003
0487 - 2360810